"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല - ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ കൈവശമുള്ള സർവ്വേ നം. 161/1 ലെ 19.73 ആർ ഭൂമിയിൽ RSETI സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിനായുള്ള കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.726/2026/LSGD തീയതി, തിരുവനന്തപുരം, 13-03-2026**

---

പരാമർശം:-

1. 30/04/2025 തീയതിയിലെ ഇടുക്കി ജില്ലാ പഞ്ചായത്ത് സാധാരണ യോഗത്തിലെ 6/1-ാം നമ്പർ തീരുമാനം.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25/01/2025, 25/02/2026 തീയതികളിലെ LSGD/PD/876/2025-REV 6 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഇടുക്കി താലൂക്കിൽ, പൈനാവിലെ സർവ്വെ നമ്പർ 161/1-ൽപ്പെട്ട 0.1973 ഹെക്ടർ ഭൂമിയിൽ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രം (RSETI) സ്ഥാപിക്കുന്നതിനായി അനുമതി ലഭ്യമാക്കുന്നതിന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്. ഒരു സ്വയം തൊഴിൽ പരിശീലന കേന്ദ്രമെന്ന നിലയിൽ ടി സ്ഥാപനം വരുന്നത് ജില്ലയുടെ വികസനത്തിന് വളരെയധികം സഹായകരമാകുമെന്നും ഇടുക്കി ജില്ലയിലെ ഗ്രാമീണ മേഖലയിലുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിനായുള്ള കെട്ടിട നിർമ്മാണത്തിന് സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി അനുമതി നൽകാവുന്നതാണ് എന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ നിർദ്ദേശത്തെ തുടർന്ന് ടി സ്ഥലത്ത് ലീസ് ഒഴിവാക്കി കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള അനുമതി നൽകുന്നതിന് പരാമർശം (1) പ്രകാരം ഇടുക്കി ജില്ലാപഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. RSETI കെട്ടിട നിർമ്മാണത്തിനുള്ള ധനസഹായ സ്രോതസ്സ് MORD (കേന്ദ്ര ഗ്രാമവികസന മന്ത്രാലയം) ആണെന്ന് ലീഡ് ബാങ്ക് ഇടുക്കി ജില്ലാ മാനേജർ അറിയിച്ചിട്ടുള്ളതാണെന്നും കെട്ടിടം നിർമ്മിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം ഇടുക്കി ജില്ലാ പഞ്ചായത്തിനായിരിക്കുന്നതും, നിർമ്മിക്കപ്പെടുന്ന കെട്ടിടം കരാർ കാലാവധി കഴിയുംവരെ യൂണിയൻ ബാങ്കിന് ഉപയോഗിക്കുവാൻ അനുവദിക്കുന്നതുമാണെന്നും നടത്തിപ്പ് യൂണിയൻ ബാങ്കിനും, ബാങ്കിന് കീഴിലുള്ള ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രത്തിനും ആയിരിക്കുമെന്നും ഇടുക്കി ജില്ലയിലെ ഗ്രാമീണ മേഖലയിലുള്ള യുവതീ യുവാക്കൾക്ക് സ്വയംതൊഴിൽ പരിശീലനം ലഭ്യമാക്കുന്നതിന്

അർഹരായ ഉപഭോക്താക്കളെ കണ്ടെത്തി നൽകുന്നതും, പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ സ്ഥലം കണ്ടെത്തി നൽകുന്നതും തദ്ദേശ സ്വയംഭരണ സ്ഥാപനമാണെന്നും കൂടാതെ ടി പദ്ധതി കുടുംബശ്രീയുമായി ബന്ധപ്പെട്ട് വരുന്നതുമാണെന്നും **ജില്ലാപഞ്ചായത്തും, യൂണിയൻ ബാങ്കുമായി കരാറിലേർപ്പെടേണ്ടതുണ്ട്** എന്നും തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ചുവടെ ചേർക്കുന്ന നിബന്ധനകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന വ്യവസ്ഥയോടെ ഇടുക്കി താലൂക്കിൽ, പൈനാവിലെ സർവ്വെ നമ്പർ 161/1-ൽപ്പെട്ട 0.1973 ഹെക്ടർ ഭൂമിയിൽ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന കേന്ദ്രം (RSETI) സ്ഥാപിക്കുന്നതിനായി അനുമതി നൽകുന്നതിന് ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകി ഉത്തരവാകുന്നു.

i) ഗ്രാമീണ സ്വയം തൊഴിൽ പരിശീലന സ്ഥാപനത്തിനായി കെട്ടിടം നിർമ്മിക്കുന്നതിന് ടി ഭൂമി ഉപയോഗിക്കണം.

II) ഭൂമിയുടെ ഉടമസ്ഥാവകാശം ഇടുക്കി ജില്ലാ പഞ്ചായത്തിൽ തുടരും. യൂണിയൻ ബാങ്കിന് RSETI നിർമ്മിക്കുന്നതിന് ഭൂമി ഉപയോഗിക്കാം. കെട്ടിടം നിർമ്മിക്കുവാനും, മതിൽ സ്ഥാപിക്കാനും, കാലാകാലങ്ങളിൽ യന്ത്രസാമഗ്രികളും അനുബന്ധ ഘടകങ്ങളും സ്ഥാപിക്കാനും ആവശ്യാനുസരണം മാറ്റങ്ങൾ വരുത്തുവാനും ബാങ്കിന് സ്വാതന്ത്ര്യമുണ്ടായിരിക്കും. RSETI പ്രവർത്തിക്കുന്നിടത്തോളം കാലം ഭൂമി ബാങ്കിന്റെ കൈവശത്തിലും ഉപയോഗത്തിലുമായിരിക്കും.

III) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം നൽകുന്ന അടിസ്ഥാന സൗകര്യ ഫണ്ടുകൾ ഉപയോഗിച്ച് ടി സ്ഥലത്ത് യൂണിയൻ ബാങ്ക് കെട്ടിടം നിർമ്മിക്കുകയും സംസ്ഥാനത്ത് നിലവിലുള്ള പ്രസക്തമായ നിയമങ്ങളുടെയും ചട്ടങ്ങളുടെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട്, ഭൂപ്രകൃതിക്ക് ഒരു നാശവും വരുത്താതെ, കെട്ടിടം നിർമ്മിക്കുന്നതിനും പരിസരം വികസിപ്പിക്കുന്നതിനും ആവശ്യമായ ഭൂമി വികസന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യും.

iv) ഈ കരാറിൽ നിന്ന് ഉണ്ടാകുന്ന ഏതൊരു തർക്കവും കേരള സർക്കാരിന്റെ തദ്ദേശ സ്വയംഭരണ വകുപ്പ് വഴി അറുപത് ദിവസത്തിനുള്ളിൽ രമ്യമായി പരിഹരിക്കും.

v) ഈ കരാറിൽ നിന്ന് ഉണ്ടാകുന്ന ഏതൊരു തർക്കവും, തദ്ദേശ സ്വയഭരണ വകുപ്പ് കേരള സർക്കാർ വഴി 60 ദിവസത്തിനുള്ളിൽ രമ്യമായി പരിഹരിക്കാൻ കഴിയാത്തപക്ഷം, കേരള സംസ്ഥാനത്തിന്റെ അധികാര പരിധിയിലുള്ള 1996 ലെ ആർബിട്രേഷൻ ആൻഡ് കൺസിലിയേഷൻ ആക്ടിലേക്ക് റഫർ ചെയ്യും.

vi) RSETI യ്ക്ക് ആ സ്ഥലത്ത് പരിശീലന പരിപാടികൾ നടത്താൻ അധികാരമുണ്ടായിരിക്കും. എന്നാൽ ഒരു സാഹചര്യത്തിലും അത് പരിസരം സബ് ലീസിന് നൽകില്ല. അല്ലെങ്കിൽ ഇന്ത്യാ സർക്കാരുമായുള്ള ധാരണാപത്രം വഴി സമ്മതിച്ച അവശ്യങ്ങൾക്കല്ലാതെ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കില്ല.

vii) RSETI പ്രവർത്തിക്കുന്നിടത്തോളം കാലം മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി ഗ്രാമീണ സ്വയം തൊഴിൽ പരിശീലന സ്ഥാപനത്തിന് ഉപയോഗിക്കാൻ അനുവദിച്ചിരിക്കുന്ന ഭൂമി തദ്ദേശ സ്വയംഭരണ വകുപ്പ് ഇടുക്കി ജില്ലാ പഞ്ചായത്ത് അവകാശപ്പെടാൻ പാടില്ല.

viii) ധാരണാപത്രം പരസ്പരം അവസാനിപ്പിക്കുകയോ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ ഗ്രാമീണ സ്വയം തൊഴിൽ പരിശീലന സ്ഥാപനം (RSETI) പ്രവർത്തനം നിർത്തുകയോ ചെയ്താൽ, UBI

RSETI ഭൂമി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പിനോ ഇടുക്കി ജില്ലാ പഞ്ചായത്തിനോ തിരികെ നൽകാൻ ബാധ്യസ്ഥമായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ASHA A K

**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ് I/ ഓഡിറ്റ്II), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

ഐ&പി.ആർ.ഡി, വെബ് ന്യൂ മീഡിയ.

കരുതൽ ശേഖരം/ ഓഫീസ് പകർപ്പ് (ആർ.ഇ.2/249/2024/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 13-03-2026 12:54:48

സെക്ഷൻ ഓഫീസർ